**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1081** **30-06-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിലെ കുടിവെള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ടൗണിലെ പൈപ്പ് ലൈൻ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മഞ്ചേരി പട്ടണത്തിലെ എ.സി പൈപ്പ് മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, 02.01.2021–ലെ A2/KWA/AGT/2020 നമ്പർ തുകക്ഷി കരാർ പ്രകാരം 26.50 കി.മി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുകയും പ്രസ്തുത ഭാഗത്ത് റോഡ് ടാറിംഗ് പൂർത്തീകരിക്കുകയും ചെയതു. തുടർന്ന് 6.50 കി.മി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും തുടർ ടാറിംഗും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 15.12.2021-ന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പണി നിർത്തി വയ്ക്കേണ്ടി വന്നു. അതിൻപ്രകാരം ട്രഞ്ചിംഗ് പ്രവൃത്തി പൂർത്തിയാക്കി ടാറിംഗ് നടത്തിയ ഭാഗങ്ങളിൽ രണ്ടു വകുപ്പുകളുടെയും 14.02.2022–ലെ സംയുക്ത പരിശോധനയിൽ പണി പൂർത്തിയായതായി ഉറപ്പ് വരുത്തിയെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ചുവടെ പറയുന്ന റോഡുകളുടെ തുടർപണികൾ ചെയ്തിട്ടില്ല.<br><br>മഞ്ചേരി – ഒലിപ്പുഴ റോഡിന്റെ വലതുഭാഗത്ത് ചെയ്നേജ് KM 0/000 - 0/680, റോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് KM 0/000 - 0/890 പൈപ്പ് ലൈൻ സ്ഥാപിക്കാൻ ബാക്കിയുണ്ട്.<br><br>കോഴിക്കോട് – നിലമ്പൂർറോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് KM 46/000 - 46/200, റോഡിന്റെ വലതുഭാഗത്ത് ചെയ്നേജ് KM 47/200 - 48/400 എന്നീ ഭാഗങ്ങളിൽ പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.<br><br>NSS കോളേജ് റോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് KM 0/000 -0/144 പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്. |

| | | | |
|---|---|---|---|
| | | | മലപ്പുറം – മഞ്ചേരി റോഡിന്റെ വലതുഭാഗത്ത് ചെയ്നേജ് KM 10/900-12/200പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.<br><br>ചെരണി – മംഗലശ്ശേരി റോഡിന്റെ വലതുഭാഗത്ത് ചെയ്നേജ് KM 0/000-1/200, റോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് KM 1/200 – 1/400പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായാൽ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതാണ്. |
| (ബി) | മഞ്ചേരി മണ്ഡലത്തിൽ ഒറവം പുറത്ത് സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഒറവംപുറത്ത് കേരള വാട്ടർ അതോറിറ്റി വേനൽ കാലങ്ങളിൽ താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും വിഭാവനം ചെയ്തിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാലിയാർ പുഴ സ്രോതസ്സായി തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട്, പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. അതിനാൽ കുടിവെള്ള പദ്ധതികൾക്ക് വേണ്ടി പ്രസ്തുത സ്ഥലത്ത് സ്ഥിരം തടയണ നിർമ്മിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ